**No. CEE/4900/2015/KEAM-2016/TA1**

കേരള സർക്കാർ
**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

## വിജ്ഞാപനം

## 2016–ലെ എം.ബി.ബി.എസ്, ബി.ഡി.എസ്, മെഡിക്കൽ അനുബന്ധ കോഴ്സുകൾ എന്നിവയിലേയ്ക്കുള്ള കേന്ദ്രീകൃത അലോട്ട്മെന്റ് ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നിർബന്ധമാണ്

2016-ലെ എം.ബി.ബി.എസ്, ബി.ഡി.എസ് കോഴ്സുകളിലേയ്ക്കുള്ള രണ്ടാമത്തെയും അഗ്രികൾച്ചർ, ഫോറസ്ട്രി, വെറ്ററിനറി, ഫിഷറീസ് എന്നീ മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള മൂന്നാമത്തെയും കേന്ദ്രീകൃത അലോട്ട്മെന്റ് നടപടിക്രമങ്ങൾ **02.09.2016 (വെള്ളിയാഴ്ച)** ആരംഭിക്കുന്നു. മെഡിക്കൽ/അനുബന്ധ കോഴ്സുകളിൽ നിലവിലുള്ള ഹയർ ഓപ്ഷനുകൾ ഈ അലോട്ട്മെന്റിലേയ്ക്ക് പരിഗണിക്കപ്പെടാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ അവര വരുടെ ഹോം പേജിൽ ലഭ്യമാക്കിയിട്ടുള്ള '**Confirm**' ബട്ടൺ ക്ലിക്ക് ചെയ്ത് **ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ** നടത്തേണ്ടതാണ്. ഓൺലൈൻ ഓപ്ഷൻ കൺഫർമേഷനെ തുടർന്ന് ഓപ്ഷൻ പുന:ക്രമീകരണം, റദ്ദാക്കൽ, പുതുതായി ഉൾപ്പെടുത്തിയ കോളേജ്/കോഴ്സ് എന്നിവയിലേയ്ക്ക് ഓപ്ഷനുകൾ നൽകാനുള്ള സൗകര്യം എന്നിവ **02.09.2016** മുതൽ **06.09.2016, 1 pm** വരെ ലഭ്യമാകുന്നതാണ്. **06.09.2016, 1 pm** വരെ ലഭിക്കുന്ന ഓപ്ഷനുകളുടെ അടിസ്ഥാനത്തിൽ അന്ന് വൈകുന്നേരം എം.ബി.ബി.എസ്, ബി.ഡി.എസ് കോഴ്സുകളിലേയ്ക്കുള്ള രണ്ടാമത്തെയും അഗ്രികൾച്ചർ, ഫോറസ്ട്രി, വെറ്ററിനറി, ഫിഷറീസ് എന്നീ മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള മൂന്നാമത്തെയും അലോട്ട്മെന്റ് പ്രസിദ്ധീകരിക്കുന്നതാണ്. അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുള്ള ഫീസ്/ബാക്കി തുക **07.09.2016** മുതൽ **09.09.2016** വരെയുള്ള തീയതികളിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ **(SBT)** തിരഞ്ഞെടുത്ത ശാഖകളിലൊന്നിലോ ഓൺലൈൻ പേയ്മെന്റ് മുഖേനയോ ഒടുക്കേണ്ടതാണ്. SBT ശാഖകളുടെ ലിസ്റ്റ് വെബ്സൈറ്റിൽ ലഭ്യമാണ്. ഫീസ്/ബാക്കി തുക അടച്ചതിനു ശേഷം വിദ്യാർത്ഥികൾ അലോട്ട്മെന്റ് ലഭിച്ച കോഴ്സ്/കോളേജിൽ **09.09.2016 വൈകുന്നേരം 5 മണി**യ്ക്ക് മുൻപായി പ്രവേശനം നേടേണ്ടതാണ്.

വിദ്യാർത്ഥികൾക്ക് സൗജന്യമായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യുന്നതിന് ഇന്റർനെറ്റ് സൗകര്യമുള്ള **ഓപ്ഷൻ ഫെസിലിറ്റേഷൻ സെന്ററുകളും** (OFC) **ഹെൽപ്പ് ഡസ്കുകളും** (HD) സംസ്ഥാനത്തുടനീളം ഇക്കാലയളവിൽ പ്രവർത്തിക്കുന്നതാണ്. ഇവയുടെ വിശദമായ ലിസ്റ്റ് www.cee-kerala.org എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.

**മേൽപറഞ്ഞ വെബ്സൈറ്റിലൂടെ നിശ്ചിത സമയത്തിനകം ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്താത്തവരെ ഒരു കാരണവശാലും ഈ അലോട്ട്മെന്റിനായി പരിഗണിക്കുന്നതല്ല**. ഇവരുടെ മെഡിക്കൽ/അനുബന്ധ കോഴ്സുകളിലുള്ള ഹയർ ഓപ്ഷനുകൾ ഭാവിയിലുള്ള ഓൺലൈൻ അലോട്ട്മെന്റുകളിലും പരിഗണിക്കുന്നതല്ല. എന്നാൽ ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്താത്തവരുടെ നിലവിലുള്ള അലോട്ട്മെന്റ് നിലനിൽക്കുന്നതായിരിക്കും.

**അലോട്ട്മെന്റ് ഷെഡ്യൂൾ താഴെ ചേർക്കുന്നു**

| | |
|---|---|
| 02.09.2016 | **ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ** നടത്തുന്നതിനും, നിലവിലുള്ള ഹയർ ഓപ്ഷനുകൾ പുന:ക്രമീകരിക്കുന്നതിനും, ആവശ്യമില്ലാത്തവ റദ്ദ് ചെയ്യുന്നതിനും, **പുതുതായി ചേർത്തിട്ടുള്ള കോളേജുകളിലേയ്ക്കും/കോഴ്സുകളിലേയ്ക്കും ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യുന്നതിനും** വെബ്സൈറ്റ് സജ്ജമാകുന്നു. |
| 06.09.2016 (1 pm) | ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്തുന്നതിനും, ഓപ്ഷനുകൾ ക്രമീകരിക്കുന്നതിനും, റദ്ദ് ചെയ്യുന്നതിനും, രജിസ്റ്റർ ചെയ്യുന്നതിനുമുള്ള സൗകര്യം അവസാനിക്കുന്നു. |
| **06.09.2016** | **അലോട്ട്മെന്റ് പ്രസിദ്ധീകരണം** |
| 07.09.2016 to 09.09.2016 | അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ നിശ്ചിത ശാഖകളിൽ/ഓൺലൈനായി ഫീസ്/ ബാക്കി തുക ഒടുക്കണം. കൂടാതെ അലോട്ട്മെന്റ് ലഭിച്ച കോഴ്സ്/കോളേജിൽ പ്രവേശനം നേടേണ്ടതാണ്. |
| 09.09.2016, 5.30 pm | പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ കോളേജ് അധികാരികൾ അംഗീകരിച്ച് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് OAMS മുഖേന സമർപ്പിക്കണം. |

പ്രസ്തുത അലോട്ട്മെന്റിനെ തുടർന്ന് അലോട്ട്മെന്റുകൾ ഉണ്ടെങ്കിൽ അവ യഥാസമയം വിജ്ഞാപനത്തിലൂടെ പ്രസിദ്ധപ്പെടുത്തുന്നതാണ്.

ഈ ഘട്ടത്തിൽ താഴെക്കൊടുത്തിട്ടുള്ള മെഡിക്കൽ/ഡന്റൽ കോളേജുകളിലേയ്ക്ക് കേരള മെഡിക്കൽ പ്രവേശന പരീക്ഷ എഴുതി എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലേയ്ക്ക് പ്രവേശനത്തിന് യോഗ്യത നേടിയ വിദ്യാർത്ഥികൾക്ക് ഓൺലൈനായി ഓപ്ഷനുകൾ സമർപ്പിക്കാവുന്നതാണ്.

| ക്രമ. നം. | കോളേജ് കോഡ് | കോളേജുകൾ |
|---|---|---|
| **എം.ബി.ബി.എസ്** | | |
| **സർക്കാർ നിയന്ത്രിത സ്വാശ്രയ മെഡിക്കൽ കോളേജ്** | | |
| 1 | KNM | Academy of Medical Sciences, Pariyaram, Kannur |
| **കേരള ക്രിസ്ത്യൻ പ്രൊഫഷണൽ കോളേജ് മാനേജ്മെന്റ് ഫെഡറേഷനു കീഴിൽ വരുന്ന സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകൾ** | | |
| 2 | AMC | Amala Institute of Medical Sciences, Amala Nagar, Thrissur |
| 3 | JMC | Jubilee Mission Medical Colleg & Research Institute, Bishop Alappat Road, P.B. No.737, Jubilee Mission P.O. Thrissur - 5 |
| 4 | MMC | Malankara Orthodox Syrian Church Medical College, Kolenchery, Ernakulam |
| 5 | PMC | Pushpagiri Institute of Medical Sciences & Research Centre, Thiruvalla, Pathanamthitta |
| **മറ്റ് സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകൾ** | | |
| 6 | AAM | Al Azhar Medical college & Super speciality Hospital, Ezhalloor, Thodupuzha, Idukki. |
| 7 | BCM | Believers Church Medical College Hospital, Kuttampuzha, Thiruvalla, Pathanamthitta |
| 8 | DMM | DM Wayanad Institute of Medical Sciences, Meppadi P O, Wayanad. |
| 9 | EMC | MES Medical College, Perinthalmanna, Malappuram. |
| 10 | GMC | Sree Gokulam Medical College & Research Foundation, Venjaramoodu P O, Thiruvananthapuram |
| 11 | KDM | P K Das Institute of Medical Sciences, Vaniyamkulam, Ottapalam, Palakkad. |
| 12 | KEM | Kerala Medical College, Cheruplassery Palakkad |
| 13 | MMH | Malabar Medical College Hospital & Research Centre, Modakkallur P O,Atholi (via), Kozhikkode-21. |
| 14 | MZM | Mount Zion Medical College, Chayalode, Adoor, Pathanamthitta. |
| 15 | SIM | Sree Narayana Institute of Medical Sciences, North Paravur, Ernakulam. |
| 16 | SMC | Dr. Somervell Memorial CSI Medical College, Karakonam, Thiruvananthapuram |
| 17 | SRM | S R Medical College & Research Centre, Akathumuri, Varkala, Thiruvananthapuram |
| 18 | SUC | SUT Accademy of Medical Sciences , Vattappara, Thiruvananthapuram. |
| 19 | AZC | Azeezia Institute of Medical Sciences & Research, Meyyannoor P O, Kollam. |
| 20 | KNC | Kannur Medical College, Kannur |
| 21 | KMM | Karuna Medical College, Vilayodi, Palakkad |
| 22 | KCM | KMCT Medical College, Mukkom, Kozikkode. |
| 23 | TRM | Travancore Medical College Hospital, Kollam. |
| **ബി.ഡി.എസ്** | | |
| **സർക്കാർ നിയന്ത്രിത സ്വാശ്രയ ഡെന്റൽ കോളേജ്** | | |
| 1 | KND | Pariyaram Dental College, Pariyaram, Kannur |
| **കേരള ക്രിസ്ത്യൻ പ്രൊഫഷണൽ കോളേജ് മാനേജ്മെന്റ് ഫെഡറേഷനു കീഴിൽ വരുന്ന സ്വകാര്യ സ്വാശ്രയ ഡന്റൽ കോളേജ്** | | |
| 2 | PMD | Pushpagiri College of Dental Sciences, Medicity, Perumthuruthy, Tiruvalla, Pathanamthitta |
| **മറ്റ് സ്വകാര്യ സ്വാശ്രയ ഡെന്റൽ കോളേജുകൾ** | | |
| 3 | AAD | Al-Azhar Dental College, Thodupuzha. |
| 4 | ADC | Annoor Dental College, Puthuppady, Muvattupuzha. |
| 5 | EID | Educare Institute of Dental Sciences, Chattiparamba, Malappuram. |
| 6 | IGD | Indira Gandhi Institute of Dental Sciences, Kothamangalam. |

| | | |
|---|---|---|
| 7 | KAD | Kannur Dental College, Anjarakandy, Kannur. |
| 8 | KYD | Kayamkulam Dental College, Kayamkulam |
| 9 | MLD | Malabar Dental College, Mudur P O,Edappal, Malappuram. |
| 10 | MBD | Mar Baselious Dental College, Kothamangalam |
| 11 | MED | MES Dental College, Perinthalmanna, Malappuram. |
| 12 | NID | Noorul Islam College of Dental Science, Neyyattinkara, Thiruvananthapuram. |
| 13 | PMS | PMS College of Dental Science and Research Centre, Vattappara, Thiruvananthapuram |
| 14 | PSD | PSM College of Dental Sciences, Thrissur. |
| 15 | RDC | Royal Dental College, Mannaraparamba, Chalisery, Palakkad. |
| 16 | SVD | Sri. Sankara Dental College, Akathumuri, Varkala. Thiruvananthapuram |
| 17 | SGD | St. Gregorios Dental College, Chelad, Kothamangalam, Ernrakulam. |
| 18 | AZD | Azeezia College of Dental Science & Research, Diamond Hills, Meeyyannoor, Kollam. |
| 19 | KMD | KMCT Dental College, Mampetta, Manassery P O, Mukkom, Kozhikode |

**കേന്ദ്ര റഗുലേറ്ററി അതോറിറ്റിയുടെ അംഗീകാരവും യൂണിവേഴ്സിറ്റിയുടെ അഫിലിയേഷനുമുള്ളതും, സംസ്ഥാന സർക്കാരുമായി സീറ്റു പങ്കിടൽ കരാറിൽ ഏർപ്പെടുന്നതുമായ കോളേജുകളിലേക്ക് മാത്രമേ പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ടുമെന്റ് നടത്തുകയുള്ളൂ.**

**ഫീസ് നിരക്ക്:**

| എം ബി ബി എസ് | | | |
|---|---|---|---|
| **സർക്കാർ നിയന്ത്രിത സ്വാശ്രയ മെഡിക്കൽ കോളേജ്**<br>Academy of Medical Sciences, Pariyaram, Kannur | **50%** സർക്കാർ സീറ്റ് | | |
| | ബി.പി.എൽ / താഴ്ന്ന വരുമാനക്കാർ<br>(10 സീറ്റ്)<br>* **25,000/- രൂപ** | എസ്.ഇ.ബി.സി<br>(13 സീറ്റ്)<br>* **45,000/- രൂപ** | **മറ്റുള്ളവർ**<br>**2,50,000/– രൂപ** |
| **സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകൾ** | ബി.പി.എൽ / താഴ്ന്ന വരുമാനക്കാർ<br>(14% സീറ്റ്)<br>* **25,000/- രൂപ** | എസ്.ഇ.ബി.സി<br>(26% സീറ്റ്)<br>* **25,000/- രൂപ** | **മറ്റുള്ളവർ**<br>**2,50,000/– രൂപ** |
| **കേരള ക്രിസ്ത്യൻ പ്രൊഫഷണൽ കോളേജ് മാനേജ്മെന്റ് ഫെഡറേഷനു കീഴിൽ വരുന്ന സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകൾ** | 50% സർക്കാർ സീറ്റുകൾ<br>**4,40,000/- രൂപ** | **സ്കോളർഷിപ്പ്**<br>100 എം.ബി.ബി.എസ് വിദ്യാർത്ഥികളുടെ ഓരോ ബാച്ചിനും **44 ലക്ഷം** രൂപ വീതം സ്കോളർഷിപ്പ് ഇനത്തിൽ മാനേജ്മെന്റുകൾ മാറ്റിവയ്ക്കുകയും പ്രവേശന നടപടികൾ അവസാനിച്ച ശേഷം പ്രസ്തുത തുക സർക്കാർ ഉത്തരവിന് വിധേയമായി വിതരണം ചെയ്യുന്നതുമായിരിക്കും. | |
| **ബി ഡി എസ്** | | | |
| **സർക്കാർ നിയന്ത്രിത സ്വാശ്രയ ഡെന്റൽ കോളേജ്**<br>Pariyaram Dental College, Pariyaram, Kannur | **50%** സർക്കാർ സീറ്റ് | | |
| | ബി.പി.എൽ / താഴ്ന്ന വരുമാനക്കാർ<br>(6 സീറ്റ്)<br>* **23,000/- രൂപ** | എസ്.ഇ.ബി.സി<br>(8 സീറ്റ്)<br>* **44,000/- രൂപ** | **മറ്റുള്ളവർ**<br>**2,10,000/– രൂപ** |
| **സ്വകാര്യ സ്വാശ്രയ ഡെന്റൽ കോളേജുകൾ** | ബി.പി.എൽ / താഴ്ന്ന വരുമാനക്കാർ<br>(14% സീറ്റ്)<br>* **23,000/- രൂപ** | എസ്.ഇ.ബി.സി<br>(26% സീറ്റ്)<br>* **44,000/- രൂപ** | **മറ്റുള്ളവർ**<br>**2,10,000/– രൂപ** |
| **കേരള ക്രിസ്ത്യൻ പ്രൊഫഷണൽ കോളേജ് മാനേജ്മെന്റ് ഫെഡറേഷനു കീഴിൽ വരുന്ന സ്വകാര്യ സ്വാശ്രയ ഡന്റൽ കോളേജ്**<br>Pushpagiri College of Dental Science, Thiruvalla | 50% സർക്കാർ സീറ്റുകൾ<br>**3,30,000/- രൂപ** | **സ്കോളർഷിപ്പ്**<br>50 ബി.ഡി.എസ് വിദ്യാർത്ഥികളുടെ ഓരോ ബാച്ചിനും **15.40 ലക്ഷം** രൂപ വീതം സ്കോളർഷിപ്പ് ഇനത്തിൽ മാനേജ്മെന്റുകൾ മാറ്റിവയ്ക്കുകയും പ്രവേശന നടപടികൾ അവസാനിച്ച ശേഷം പ്രസ്തുത തുക സർക്കാർ ഉത്തരവിന് വിധേയമായി വിതരണം ചെയ്യുന്നതുമായിരിക്കും. | |

*ഈ ആനുകൂല്യങ്ങൾ വിദ്യാർത്ഥികൾക്ക് ലഭ്യമാകുന്നത് കോളേജുകളിലേക്കുള്ള അലോട്ട്മെന്റ് പൂർത്തിയായതിന് ശേഷമായിരിക്കും. ആയതിനാൽ അലോട്ട്മെന്റ് സമയത്ത് വിദ്യാർത്ഥികൾ സർക്കാർ നിശ്ചയിച്ച വാർഷിക മെരിറ്റ് ഫീസ് ഒടുക്കേണ്ടതാണ്. ഫീസ് ഇളവ് ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് ബാക്കി തുക മടക്കി നൽകുന്നതാണ്.

**ടോക്കൺ ഡെപ്പോസിറ്റ്**

അലോട്ട്മെന്റ് ലഭിക്കുന്ന എസ്.സി./എസ്.റ്റി./ഒ.ഇ.സി. എന്നീ വിഭാഗങ്ങളിലെ വിദ്യാർത്ഥികളും, സർക്കാർ ഉത്തരവ് നം. (എം.എസ്.)25/2005/SCSTDD, തീയതി: 20.06.2005 അനുസരിച്ച് ഫീസ് ആനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികളും താഴെപ്പറയുന്ന നിരക്കിലുള്ള തുക അടച്ച് അലോട്ട്മെന്റ് അംഗീകരിക്കുന്നു എന്ന് ഉറപ്പാക്കേണ്ടതാണ്.

1.എം.ബി.ബി.എസ്/ബി.ഡി.എസ് : **Rs. 1,000/-**

2. മറ്റ് കോഴ്സുകൾ : **Rs. 100/-**

ഗവണ്മെന്റും സ്വാശ്രയ മാനേജ്മെന്റുകളും തമ്മിലുള്ള കരാറിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ള ഫീസ് ഘടന ബഹുമാനപ്പെട്ട കോടതിയോ മറ്റ് അധികാരപ്പെട്ട സ്ഥാപനങ്ങളോ അംഗീകരിക്കാത്ത പക്ഷം ഫീ റഗുലേറ്ററി കമ്മിറ്റി നിശ്ചയിക്കുന്ന ഫീസ് എല്ലാ വിദ്യാർത്ഥികളും അടയ്ക്കാൻ ബാധ്യസ്ഥരാണ്.

**കുറിപ്പ്: സർക്കാർ/ സർക്കാർ എയ്ഡഡ്/സർക്കാർ നിയന്ത്രിത സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്ക് മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്ക് അലോട്ട്മെന്റ് ലഭിക്കുന്നപക്ഷം പ്രോസ്പെക്ടസ് ക്ലോസ് 12.2.4 അല്ലെങ്കിൽ ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള ലിക്വിഡേറ്റഡ് ഡാമേജസ് നൽകിയതിനുശേഷം മാത്രമേ പുതിയ അലോട്ട്മെന്റ് സ്വീകരിക്കാൻ കഴിയുകയുള്ളൂ.**

**കേരള കാത്തലിക് എഞ്ചിനീയറിംഗ് കോളേജ് മാനേജ്മെന്റ് അസോസിയേഷനു കീഴിൽ വരുന്ന എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്ക് മെഡിക്കൽ/അനുബന്ധ കോഴ്സുകളിലേയ്ക്ക് അലോട്ട്മെന്റ് ലഭിക്കുന്നപക്ഷം അലോട്ട്മെന്റ് സ്വീകരിക്കുന്നതിന് GO(Ms) No. 252/2014/H.Edn. Dated: 07.06.2014 എന്ന സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ ബാധകമായിരിക്കും.**

**മറ്റ് സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ കോളേജുകളിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്ക് മെഡിക്കൽ/അനുബന്ധ കോഴ്സുകളിലേയ്ക്ക് അലോട്ട്മെന്റ് ലഭിക്കുന്നപക്ഷം വിടുതൽ സർട്ടിഫിക്കറ്റും മറ്റു രേഖകളും നേടുന്നതിന് GO(Ms) No.155/2016/H.Edn. Dated: 30.06.2016, GO(Rt) No.1686/2016/H.Edn. Dated: 30.06.2016 എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം ലിക്വിഡേറ്റഡ് ഡാമേജസ് ഒടുക്കേണ്ടതില്ല. എന്നാൽ ഇവർ അടച്ച ഫീസ് തിരികെ ലഭിക്കാൻ അർഹതയില്ല.**

പ്രത്യേക ശ്രദ്ധയ്ക്ക്: ന്യൂനപക്ഷ പദവിയുള്ള സ്വകാര്യ സ്വാശ്രയ മെഡിക്കൽ/ഡെന്റൽ കോളേജുകളിൽ ലഭ്യമായേക്കാവുന്ന കമ്മ്യൂണിറ്റി ക്വാട്ടാ സീറ്റുകളിലേയ്ക്ക് പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികളും മറ്റു വിദ്യാർത്ഥികളെപ്പോലെ താല്പര്യമുള്ള എല്ലാ കോളേജുകളിലേയ്ക്കും **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലൂടെ യഥാസമയം ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യേണ്ടതാണ്.

അലോട്ട്മെന്റുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും **www.cee-kerala.org** എന്ന വെബ് സൈറ്റിൽ ലഭിക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് **0471 2339101, 2339102, 2339103, 2339104** എന്നീ ഹെൽപ്പ് ലൈൻ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

തിരുവനന്തപുരം

**02.09.2016**

**പ്രവേശന പരീക്ഷാ കമ്മീഷണർ**